പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2155 26-10-2026-ൽ മറുപടിയ്ക്ക്

കൂട്ടനാട്ടിൽ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. റെജി ചെറിയാൻ	ശ്രീ. കെ. എം. ഷാജി (തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി)

(എ) കൂട്ടനാട് മണ്ഡലത്തിലെ ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് എഞ്ചിനീയർമാരുടെയും ഓവർസീയർമാരുടേയും തസ്തിക ഒഴിഞ്ഞ് കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഉണ്ട്.

(ബി) എങ്കിൽ എവിടെയെല്ലാമാണ് തസ്തിക ഒഴിഞ്ഞുകിടക്കുന്നതെന്നു ഗ്രാമപഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

മറുപടി: പുളിങ്കുന്ന് ഗ്രാമപഞ്ചായത്ത്, തലവടി ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ ഒഴിവും, നെടുമുടി ഗ്രാമപഞ്ചായത്ത്, ചമ്പക്കുളം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ സെക്കന്റ് ഗ്രേഡ് ഓവർസീയറുടെ ഒഴിവും, മുട്ടാർ ഗ്രാമപഞ്ചായത്ത്, കാവാലം ഗ്രാമപഞ്ചായത്ത് എന്നിവിടങ്ങളിൽ തേർഡ് ഗ്രേഡ് ഓവർസീയറുടെ ഒഴിവും നിലവിലുണ്ട്.

(സി) അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നതുമൂലം പദ്ധതി നിർവ്വഹണത്തിൽ കാലതാമസം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

മറുപടി: ഒഴിവുകളിൽ പി.എസ്.സി യ്ക്ക് റിപ്പോർട്ട ചെയ്യേണ്ടവ പി.എസ്.സി മുഖേനയും, ഉദ്യോഗക്കയറ്റം മുഖേന നികത്തേണ്ടവ അപ്രകാരവും നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ